ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.08.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) നീറ്റ് ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം. ഇരുസഭകളും രണ്ട് മണി വരെ നിർത്തിവെച്ചു.

**The Opposition intensified protests in Parliament over various issues, including NEET. Both Houses were adjourned until 2 p.m.**

2) എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ യുവശക്തിക്കും വന്ദേമാതരത്തിനും പ്രാധാന്യം നൽകുമെന്ന് കേന്ദ്രസർക്കാർ. ഹർഘർ തിരംഗ പ്രചാരണത്തിന് രാജ്യത്ത് മികച്ച സ്വീകരണം.

**The Central Government says youth power and Vande Mataram will be given prominence during the 80th Independence Day celebrations. The Har Ghar Tiranga campaign has received an excellent response across the country.**

3) മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ വിളിച്ച് ചേർത്ത ബാങ്ക്

പ്രതിനിധികളുടെ യോഗം തിരുവന ന്തപുരത്ത് പുരോഗമിക്കുന്നു.

**A meeting of bank representatives convened by the Kerala Government in connection with crop losses caused by the rains is underway in Thiruvananthapuram.**

4) കർക്കടക വാവുബലിയ്ക്കുള്ള തയ്യാറെടുപ്പുകൾ സംസ്ഥാനത്ത് അന്തിമഘട്ടത്തിൽ. പ്രത്യേക യാത്രാ ക്രമീകരണം ഒരുക്കി കെഎസ്ആർടിസിയും, കൊച്ചി മെട്രോയും.

**Preparations for the Karkidaka Vavu Bali have reached the final stage in the state. KSRTC and Kochi Metro have made special travel arrangements.**

5) കൊളംബിയയിൽ ഭൂക മ്പത്തിൽ മരിച്ചവരുടെ എണ്ണം 132 ആയി. പരിക്കേറ്റത് 570 ലേറെ പേർക്ക്.

**The death toll from the earthquake in Colombia has risen to 132. More than 570 people have been injured.**

6) **U**-23 കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 17 മെഡലുകളുമായി ഇ ന്ത്യക്ക് മികച്ച തുടക്കം.

**India made an impressive start at the U-23 Commonwealth Fencing Championships, winning 17 medals.**

$$$$$$$$$$$$$$$$$$$$$$$$

# HEADLINE-1

## PARLIAMENT (INTRO)

***നീറ്റ് വിദ്യാർത്ഥി സമരത്തിന് നേരെ നടന്ന പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ പാർലമെന്റിൽ പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം. ബഹളത്തെ തുടർന്ന് ഇരുസഭകളും രണ്ട് മണി വരെ നിർത്തിവെച്ചു. പോലീസ് നടപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രസ്താവന ആവശ്യപ്പെട്ട് ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ അംഗങ്ങൾ ബഹളം തുടങ്ങി. വിഷയത്തിൽ പാർലമെന്റിൽ മറുപടി നൽകാൻ കേന്ദ്ര ആഭ്യന്തരമന്ത്രി തയ്യാറാണെന്ന്, പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു ഇതിനകം വ്യക്തമാക്കിയതാണെന്നും, പ്രതിപക്ഷം നടപടികളുമായി സഹകരിക്കണമെന്നും സ്പീക്കർ ഓം ബിർള പറഞ്ഞു.***
***(വോയിസ്)***
***രാജ്യസഭയിലും സമാന രംഗങ്ങളാണ് അരങ്ങേറിയത്. ആദ്യം 12 മണിവരെ നിർത്തിവെച്ച സഭ, ബഹളം തുടർന്ന സാഹചര്യത്തിൽ രണ്ട് മണിവരെ പിരിയുകയായിരുന്നു.***

$$$$$$$$$$$$$$$$$$$$$$$$

## Keralam Bill

കേരള എന്നതിന് പകരം സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്ന ബിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ലോക്സഭയിൽ അവതരിപ്പിച്ചേക്കും. ദേശീയ സഹകരണ വികസന ഭേദഗതി ബില്ലും ഇന്ന് സഭയുടെ പരിഗണനയ്ക്കെത്തും.

$$$$$$$$$$$$$$$$$$$$$$$$

## NDA MANGAL MILAN

എൻ.ഡി.എയുടെ പ്രതിവാര പാർലമെന്ററി പാർട്ടി യോഗം, മംഗൾ മിലൻ ഇന്ന് പാർലമെന്റ് ഹൗസിൽ നടന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉൾപ്പെടെയുള്ളവർ യോഗത്തിൽ പങ്കെടുത്തു. ഝാർഖണ്ഡിലെ വിദ്യാർത്ഥി സമരത്തിന് നേരെ നടന്ന

പോലീസ് നടപടിയിൽ പ്രതിഷേധിച്ച് എൻ ഡി എ എം പിമാർ ഇന്ന് പാർലമെന്റ് വളപ്പിൽ പ്രകടനം നടത്തി.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

### INDEPENDENCE DAY

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനും പ്രാധാന്യം നൽകുമെന്ന് കേന്ദ്രസർക്കാർ. ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകും. ദേശീയ പതാക ഉയർത്തിയ ശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും. ചുവപ്പ്കോട്ടയിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കും. ഗ്യാൻപഥിൽ 2,500 എൻസിസി കേഡറ്റുകളും, മൈ ഭാരത് അംഗങ്ങളും ചേർന്ന് വന്ദേമാതരം ഒരുക്കും. വ്യോമസേനയുടെ എം.ഐ-7 ഹെലികോപ്റ്ററുകൾ ചടങ്ങിൽ പുഷ്പവൃഷ്ടി നടത്തും. സ്വാതന്ത്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ഹർഘർ തിരംഗയുടെ ഭാഗമായി നിരവധി പരിപാടികളാണ് നടക്കുന്നത്. തിരംഗയാത്രകളും, ദേശസ്നേഹമുണർത്തുന്ന പരിപാടികളും വിവിധ സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നു. ഡൽഹി നിയമസഭ പരിസരത്ത് ഇന്ന് തിരംഗയാത്ര സംഘടിപ്പിച്ചു. ഹർ ഘർ തിരംഗ പരിപാടിയിൽ പങ്കെടുക്കാൻ ജനങ്ങളോട് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$

### Khudiram Bose – martyrdom day

സ്വാതന്ത്ര്യ സമരസേനാനി ഖുദിറാം ബോസിന്റെ 119-ാം രക്തസാക്ഷിത്വ ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. 1908 ൽ, 18 -ാം വയസ്സിലാണ് ഖുദിറാം ബോസിനെ ബ്രിട്ടീഷുകാർ തൂക്കിലേറ്റുന്നത്. ബംഗാളിൽ നിന്നുള്ള വിപ്ലവകാരിയായ അദ്ദേഹം വളരെ ചെറിയ പ്രായത്തിൽ തന്നെ ഇന്ത്യൻ സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ ഭാഗമായി. 1908 ൽ, ബിഹാറിലെ മുസാഫർപുരിൽ ബ്രിട്ടീഷ് മജിസ്ട്രേട്ട് ഡഗ്ലസ് കിങ്സ്ഫോർഡിനെ ബോംബെറിഞ്ഞ് വധിക്കാൻ ശ്രമിച്ച കുറ്റത്തിനാണ് അദ്ദേഹത്തെ തൂക്കിലേറ്റിയത്. ദേശസ്നേഹത്തിന്റെയും, ത്യാഗത്തിന്റെയും, ധീരതയുടെയും

പ്രതീകമായാണ് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഖുദിറാം ബോസ് നിലകൊള്ളുന്നത്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

**MEETING –AGRICULTURE**

മഴക്കെടുതി മൂലമുള്ള കൃഷി നാശവുമായി ബന്ധപ്പെട്ട് കൃഷി- സഹകരണ വകുപ്പുകൾ വിളിച്ച് ചേർത്ത ബാങ്ക് പ്രതിനിധികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. കൃഷി മന്ത്രി ടി. സിദ്ദിഖ് അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ സഹകരണ വകുപ്പ് മന്ത്രി എം. ലിജുവും പങ്കെടുക്കുന്നുണ്ട്. കർഷകരെ സംരക്ഷിക്കാനുള്ള നടപടികൾ, പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കൽ ഉൾപ്പെടെയുള്ളവ യോഗം ചർച്ച ചെയ്യുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

$$$$$$$$$$$$$$$$$$$$$$$$

**LPST RANK HOLDERS STRIKE**

സെക്രട്ടറിയേറ്റിന് മുന്നിൽ LPST റാങ്ക് ഹോൾഡേഴ്സ് നടത്തി വന്നിരുന്ന സമരം പിൻവലിച്ചു. ഭാരവാഹികളുമായി വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദീൻ നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. സമരക്കാർ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങളുടെ സാധ്യത പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**PALAKKAD (INTRO)**

***കർക്കടക വാവ് ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. പിതൃതർപ്പണ ചടങ്ങുകൾ നാളെ പുലർച്ചെ മുതൽ ആരംഭിക്കും. ക്ഷേത്രങ്ങളിലും, പ്രധാന ബലിതർപ്പണ കേന്ദ്രങ്ങളിലും എല്ലാ സൗകര്യങ്ങളും ഇതിനകം ഒരുക്കിയിട്ടുണ്ട്.***

***പാലക്കാട് ജില്ലയിൽ നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലിമുത്ത്.....***

***(വോയിസ്)***

***വാവുബലിയോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി വിപുലമായ ഗതാഗത സർവീസുകൾ ക്രമീകരിച്ചിട്ടുണ്ട്. കൊച്ചി മെട്രോയും സർവീസ് സമയം ദീർഘിപ്പിച്ചു.***

$$$$$$$$$$$$$$$$$$$$$$$$

**Kanwar Yatra**

കൻവർ തീർത്ഥാടന യാത്രയ്ക്ക് ഇന്ന് സമാപനം. യാത്രയുടെ ഭാഗമായി ഹരിദ്വാറിൽ ഇന്നലെ നടന്ന ചടങ്ങിൽ നാലരക്കോടിയിലേറെ ഭക്തരാണ് പങ്കെടുത്തത്.

$$$$$$$$$$$$$$$$$$$$$$$$

**JHARKHAND PROTEST**

ജാർഖണ്ഡിലെ വിദ്യാർത്ഥി പ്രക്ഷോഭ നേതാവ് ദേവേന്ദ്ര നാഥ് മഹ്തോയെ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ആരോഗ്യനില തൃപ്തികരമല്ലെന്ന് ഡോക്ടർമാർ അറിയിച്ചു. സംസ്ഥാനത്തെ നിയമന പരീക്ഷകളിലെ ക്രമക്കേടുകൾക്കെതിരെ കഴിഞ്ഞ ഒൻപത് ദിവസമായി നിരാഹാര സമരത്തിലായിരുന്നു മഹ്തോ. അതേസമയം റാഞ്ചിയിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്ക് നേരെയുണ്ടായ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് ബി.ജെ.പി ഇന്ന് സംസ്ഥാന വ്യാപകമായി ഹർത്താലിന് ആഹ്വാനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**Colombia – earthquake**

കൊളംബിയയിൽ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 132 ആയി. 570 ലേറെ പേർക്ക് പരിക്കേറ്റതായാണ് ഇതുവരെയുള്ള കണക്കുകൾ. 100 -ഓളം കെട്ടിടങ്ങളും തകർന്നു. ഇന്നലെ വൈകുന്നേരമാണ് 7.4 തീവ്രത രേഖപ്പെടുത്തിയ ശക്തമായ ഭൂചലനം ഉണ്ടായത്. നിരവധി പേർ ഇപ്പോഴും അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങി കിടക്കുന്നുണ്ട്. ഇവർക്കായി രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

**Fencing Championship**

നൈജീരിയയിൽ നടക്കുന്ന U-23 കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 17 മെഡലുകളുമായി ഇന്ത്യക്ക് മികച്ച തുടക്കം. ചാമ്പ്യൻഷിപ്പിന്റെ ആദ്യ ദിനം 4 സ്വർണം, 4 വെള്ളി, 9 വെങ്കലം എന്നിങ്ങനെയാണ് ഇന്ത്യയുടെ മെഡൽ നേട്ടം. സാബിർ, ഫോയിൽ, എപ്പീ ഇനങ്ങളിൽ വ്യക്തിഗത മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ സ്വന്തമാക്കിയത്. നിഖിൽ വാഗ്, അക്ഷയ് ബാദ്സർ, അശ്വിനി ആര്യ, തേജസ് പാട്ടീൽ, ലോകേഷ് വേമാനി തുടങ്ങിയവർ മികച്ച പ്രകടനം കാഴ്ചവെച്ചു.

$$$$$$$$$$$$$$$$$$$$$$$$

**TAIWAN-CHINA**

തായ്‌വാൻ മേഖലയിൽ ചൈനയുടെ സൈനിക സാന്നിധ്യം വീണ്ടും ശക്തമാകുന്നു. 24 മണിക്കൂറിനിടെ ചൈനയുടെ രണ്ട് യുദ്ധവിമാനങ്ങളും ഏഴ് നാവികസേനാ കപ്പലുകളും മേഖലയിൽ പ്രവേശിച്ചതായി തായ്‌വാൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**U.S. COURT GAUTAM ADANI**

ഇന്ത്യൻ വ്യവസായി ഗൗതം അദാനിക്കെതിരെയുള്ള ക്രിമിനൽ കേസുകൾ യു.എസ് ഫെഡറൽ കോടതി തള്ളി. വഞ്ചന, കൈക്കൂലി ആരോപണങ്ങളുമായി ബന്ധപ്പെട്ട കേസ് പിൻവലിക്കാൻ ഫെഡറൽ പ്രോസിക്യൂട്ടർ നൽകിയ അപേക്ഷ ബ്രൂക്ലിൻ ഡിസ്ട്രിക്റ്റ് ജഡ്ജി അംഗീകരിക്കുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$

## U.S. IMMIGRATION

ഇമിഗ്രേഷൻ നടപടികൾ വേഗത്തിലാക്കാനും ചെലവുകൾ കുറയ്ക്കാനുമായി അപേക്ഷകൾ പൂർണമായും ഓൺലൈനാക്കാൻ ഒരുങ്ങി അമേരിക്ക. ഗ്രീൻ കാർഡ്, പൗരത്വം, അഭയാർത്ഥി അപേക്ഷകൾ, തൊഴിൽ അനുമതി പത്രങ്ങൾ ഉൾപ്പെടെയുള്ളവ ഇനിമുതൽ ഓൺലൈൻ വഴി മാത്രമേ സമർപ്പിക്കാൻ സാധിക്കൂ എന്ന് യു.എസ് അധികൃതർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$

## HOME AFFAIRS-PORTS

ഇ-വീസയുള്ള വിദേശ പൗരന്മാർക്ക് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നതിനായി പതിനൊന്ന് അന്താരാഷ്ട്ര പോർട്ടുകൾ വിജ്ഞാപനം ചെയ്ത് കേന്ദ്ര സർക്കാർ. ഇതിൽ ഭോപ്പാൽ, തിരുപ്പതി വിമാനത്താവളങ്ങളും അട്ടാരി, അഗർത്തല ലാൻഡ് പോർട്ടുകളും ഉൾപ്പെടുന്നു. ഇതോടെ, ഇ-വീസയുള്ള വിദേശികൾക്ക് പ്രവേശനാനുമതിയുള്ള അന്താരാഷ്ട്ര പോർട്ടുകളുടെ എണ്ണം 88 ആയി ഉയർന്നു. 37 വിമാനത്താവളങ്ങളും 38 തുറമുഖങ്ങളും 13 അതിർത്തി പ്രവേശന കവാടങ്ങളും ഇതിലുൾപ്പെടുന്നു.

$$$$$$$$$$$$$$$$$$$$$$$$

## SPEAKER THIRUVANCHOOR

കേരള നിയസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ലോക്സഭ സ്പീക്കർ ഓം ബിർളയുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിൽ നിന്നുള്ള എം. പി മാർ, കേന്ദ്ര വ്യോമയാന മന്ത്രി കെ. റാം മോഹൻ നായിഡു, എം.പിമാരായ അഖിലേഷ് യാദവ്, ഗൗരവ് ഗൊഗോയ്, അമരീന്ദർ രാജ എന്നിവർ ഒപ്പമുണ്ടായിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$

**KALLAKKADAL**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കന്യാകുമാരി തീരത്ത് മറ്റന്നാൾ രാവിലെ 5.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$